## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6390

31.10.2011 ലെ മറുപടിയ്ക്ക്

**ഭക്ഷ്യ സംസ്ക്കരണ വ്യവസായം പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി ശ്രേയാംസ് കുമാർ | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| ((എ) സംസ്ഥാനത്ത് ഭക്ഷ്യ സംസ്ക്കരണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ഗവൺമെൻറ് വ്യവസായ നയത്തിൽ കൃഷി അധിഷ്ഠിത വ്യവസായം ഒരു പ്രധാന വിഭാഗമായി നിശ്ചയിച്ചിട്ടുണ്ട്. ഈ മേഖലയിൽ പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുക, കൃഷി അധിഷ്ഠിത വ്യവസായങ്ങൾ കൂടുതൽ ആരംഭിക്കുക, കേരളത്തിന്റെ തനത് ഉല്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി ഗവൺമെന്റ് വിവിധ പദ്ധതികൾ തയ്യാറാക്കി വരുന്നു. പ്രസ്തുത ലക്ഷ്യം നേടുന്നതിനായി ഗവണ്മെന്റ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. അടിസ്ഥാന പശ്ചാത്തല വികസനം ലക്ഷ്യമാക്കി ഗവണ്മെന്റ് താഴെപ്പറയുന്ന സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>➢ ഭക്ഷ്യ സംസ്ക്കരണ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം<br>➢ ഭക്ഷ്യ സംസ്ക്കരണത്തിനായി പ്രത്യേക സാമ്പത്തികമേഖല, കാക്കഞ്ചേരി, മലപ്പുറം.<br>➢ ഭക്ഷ്യ സംസ്ക്കരണ മേഖല, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ,എറണാകുളം. |

- കോൾഡ് സ്റ്റോറേജ്, കിൻഫ്ര വ്യവസായ പാർക്ക്, വയനാട്.
- ഭക്ഷ്യ സംസ്ക്കരണ പാർക്ക്, അടൂർ, പത്തനംതിട്ട

വയനാട്ടിൽ ഒരു ഭക്ഷ്യ സംസ്ക്കരണ പാർക്ക്, തൃശ്ശൂരിൽ ഒരു കേര പാർക്ക് എന്നിവ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

മേൽപ്പറഞ്ഞ പാർക്കുകളിൽ ഭക്ഷ്യ സംസ്ക്കരണ മേഖലയ്ക്കു വേണ്ടി താഴെപറയുന്ന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

- വാട്ടർ ട്രീറ്റ്മെൻറ് പ്ലാന്റ്
- എഫ്ലുവെൻറ് ട്രീറ്റ്മെൻറ് പ്ലാൻറ്
- ക്വാളിറ്റി കൺട്രോൾ ലാബ്
- ഫുഡ് ഇൻക്യുബേഷൻ സെൻറർ, കാക്കഞ്ചേരി
- കോൾഡ് സ്റ്റോറേജ് സംവിധാനം

കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിൻെറ കേരളത്തിലെ പദ്ധതികളുടെ നോഡൽ ഏജൻസി കിൻഫ്രയാണ്.

പുതിയ വ്യവസായ സംരംഭകർക്ക് 2000-ലെ വ്യവസായ സബ്സിഡി രൂപരേഖ അനുസരിച്ച് കൃഷി അധിഷ്ഠിത വ്യവസായങ്ങൾ "Thrust Area" ആയി നിശ്ചയിച്ചിരിക്കുന്ന മേഖലയാണ്. ഈ മേഖലയിൽ ആരംഭിക്കുന്ന വ്യവസായ ങ്ങൾക്ക് സ്ഥിരം ആസ്തിയുടെ 15% (15 ലക്ഷത്തിൽ സ്ഥിരപ്പെടുത്തി) സബ്സിഡിയായി നല്കുന്നുണ്ട്. ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ ആരംഭിക്കുന്ന യൂണിറ്റുകൾ സ്ഥിരം ആസ്തി യുടെ 25% (25 ലക്ഷത്തിൽ നിജപ്പെടുത്തി) സാമ്പത്തിക ആനുകൂല്യം നല്കുന്നുണ്ട്.

പുതിയ മൂല്യവർദ്ധിത വസ്തുക്കളുടെ ഉല്പാദനം, അവയുടെ വിപണനം, ഈ മേഖലയിലെ പുതിയ സാങ്കേതിക

| | |
|---|---|
| | വികാസങ്ങൾ, പാക്കേജിംഗ് രംഗത്തെ പുതിയ പ്രവണതകൾ, ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും , ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുമുള്ള സാങ്കേതിക വിദ്യകൾ എന്നിവ മനസ്സിലാക്കുന്നതിന് ഫുഡ് ടെക്നോളജി മീറ്റും ഫുഡ് ബിസിനസ്സ് ഷോയും സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) കിൻഫ്ര പാർക്കുകളിലെ ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | ബി) ഉണ്ട് |
| സി) കൽപ്പറ്റയിലെ കിൻഫ്രാ സ്മോൾ ഇൻഡസ്ട്രീസ് . പാർക്കിനെ മെഗാഫുഡ് പാർക്ക് ആയി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) കൽപ്പറ്റയിലെ കിൻഫ്രാ സ്മോൾ ഇൻഡസ്ട്രീസ് പാർക്കിനെ മെഗാഫുഡ് പാർക്ക് ആയി ഉയർത്തുന്ന കാര്യം ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ